**പഞ്ചായത്ത് ഡയറക്ടറാഫീസ്,**
**പബ്ലിക് ഓഫീസ് പി ഓ , 695033 ,**
directorofpanchayat@gmail.com
**0471-2323286 തീയതി : 26/01/2021**

## സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് -സ്വരാജ് ട്രോഫി -2019-2020 ലെ മികച്ച ജില്ല/ഗ്രാമ പഞ്ചായത്ത് തിരഞ്ഞെടുപ്പ് -ഓൺ ലൈൻ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ

സൂചന: 1. സർക്കാരിന്റെ 20/01/2021 ലെ സ.ഉ(സാധാ) നം.150/2021/ എൽ. എസ്.ജി.ഡി നമ്പർ ഉത്തരവ്

2019-2020 ലെ മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പഞ്ചായത്ത് ദിനാഘോഷം 2021 ന്റെ വെബ് സൈറ്റിൽ ലോഗിൻ ചെയ്ത് **Best Panchayat** എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്താണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. മുൻവർഷം ഉപയോഗിച്ചിരുന്ന user id (LD CODE), പാസ്സ് വേർഡ് ഉപയോഗിച്ച് മികച്ച പഞ്ചായത്തുകൾക്കുള്ള അവാർഡിന് അപേക്ഷ സമർപ്പിക്കാവുന്നതാണ് . ആവശ്യമെങ്കിൽ പാസ്സ് വേർഡ് റീസെറ്റ് ചെയ്യുന്നതിനും മറ്റു സംശയങ്ങൾക്കും ഐ.കെ.എം ജില്ലാ ടെക്നിക്കൽ ആഫീസറെ ബന്ധപ്പെടാവുന്നതാണ്.
3. അനുബന്ധമായി അപ് ലോഡ് ചെയ്യുന്ന എല്ലാ പ്രൊഫോർമകളും തയ്യാറാക്കി ആയത് അനുസരിച്ചാണ് അപേക്ഷ എൻട്രി നടത്തേണ്ടത്.
4. ഒരിക്കൽ സബ്മിറ്റ് ചെയ്താൽ പിന്നീട് തിരുത്തലുകൾ അനുവദിക്കുന്നതല്ല.
5. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി വരെ കാത്തിരിക്കാതെ കഴിയുന്നതും വേഗം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് വകുപ്പുതല/വിജിലൻസ് നടപടി നേരിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയതിന്റെ വിശദവിവരങ്ങൾ അപ് ലോഡ് ചെയ്യേണ്ടതാണ്. ആയത് അർഹതാ മാനദണ്ഡത്തിൽ ഉൾപ്പെടുന്നതല്ല.

7. പദ്ധതി ചെലവ് വിഹിതം കണക്കാക്കേണ്ടത് ക്യൂ ബിൽ ഉൾപ്പെടെയുള്ള ചെലവായിരിക്കണം.
8. എല്ലാ പ്രൊഫോർമകളും പിഡിഎഫ് ഫോർമാറ്റിൽ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി അപ് ലോഡ് ചെയ്യേണ്ടതാണ്. അനുബന്ധ പ്രൊഫോർമകൾ അപ് ലോഡ് ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.
9. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 29/01/2021 ആണ്.
10. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ലോഗിനിൽ അപേക്ഷ ലഭിച്ചാലുടൻ ഫീൽഡ്തല പരിശോധന നടത്തേണ്ടതും പരിശോധന പൂർത്തിയായവ വെരിഫിക്കേഷൻ/എഡിറ്റ് ചെയ്ത് റിമാർക്ക്സ് സഹിതം പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.
11. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ വെരിഫൈ ചെയ്ത് സമർപ്പിക്കേണ്ട അവസാന തീയതി 01/02/2021.
12. അപേക്ഷ സമർപ്പിക്കുന്നതിനോ വെരിഫിക്കേഷൻ നടത്തുന്നതിനോ ഉള്ള തീയതിയിൽ മാറ്റം ഉണ്ടാകുന്നതല്ല എന്ന വിവരം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**പഞ്ചായത്ത് ഡയറക്ടർ**

DIRECTOR OF PANCHAYATH

Signature valid

Digitally signed by P K
Jayasree
Date: 2021.01.26 0[illegible]:56:05
PST
Reason: Approved